കേരള ഫിനാൻഷ്യൽ കോർപ്പറേഷനിലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

29 (3238) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കെ.എഫ്.സി.-ക്ക് ബാധകമാണോ ;

(ബി) എങ്കിൽ എന്നുമുതൽ എന്ന് അറിയിക്കാമോ ; പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ എടുത്ത വായ്പയെക്കാൾ കൂടിയ മൂല്യത്തിനുള്ള ഈടു തന്നിട്ടുള്ള പക്ഷം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം നൽകരുതെന്ന് റിസർവ്വ് ബാങ്ക് നിർദ്ദേശം നൽകിയിരുന്നുവോ ;

(സി) പ്രസ്തുത നിർദ്ദേശത്തിന് വിപരീതമായി കെ.എഫ്.സി. പ്രവർത്തിച്ചിട്ടുണ്ടോ ;

(ഡി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യങ്ങൾ ആർക്കെല്ലാം നൽകിയിട്ടുണ്ടെന്നും അവർ ഓരോരുത്തരും എടുത്ത വായ്പയിൽ വരുത്തിയ കുടിശ്ശിക എത്ര വീതമായിരുന്നെന്നും അവർ ഈട് നൽകിയ വസ്തുവകകളുടെ മൂല്യം എത്രയായിരുന്നുവെന്നും ഒറ്റത്തവണ തീർപ്പാക്കലിന് ഓരോരുത്തർക്കും അനുവദിച്ച ആനുകൂല്യം എത്ര വീതമായിരുന്നെന്നും ആനുകൂല്യമനുവദിക്കുന്ന കാര്യത്തിൽ റിസർവ്വ് ബാങ്ക് നിർദ്ദേശം ലംഘിച്ചിട്ടുണ്ടോ എന്നും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതി നടപ്പാക്കിയപ്പോൾ 20 ലക്ഷമോ അതിൽ കുറവോ കുടിശ്ശിക വരുത്തിയവരെക്കാൾ കൂടുതൽ ആനുകൂല്യം അതിൽ കൂടുതൽ കുടിശ്ശിക വരുത്തിയവർക്ക് നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കെ.എഫ്.സി.-ക്ക് 2004-05 സാമ്പത്തിക വർഷം 31-3-2005 വരെ ബാധകമാണ്.

(ബി) ഈ കാലഘട്ടത്തിലാണ് ഈ പദ്ധതി നിലവിൽ വന്നത്. കോർപ്പറേഷന്റെ ബോർഡ് കാലാകാലങ്ങളിൽ അംഗീകരിച്ച ഗൈഡ്ലൈൻ അനുസരിച്ചാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം നൽകിവരുന്നത്.

(സി) ഇല്ല.

(ഡി&ഇ) വിവരം ശേഖരിച്ചു വരുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly